PDF-XChange Viewer
Click to buy NOW!
www.docu-track.com







**''അടിയന്തിരാവസ്ഥയും കേന്ദ്രഗവൺമെന്റ്
നിർദ്ദേശിച്ച ഓരോ പരിപാടിയും നയവും അതിന്റെ
സ്പിരിട്ടിൽ ഞാൻ നടപ്പാക്കിയിട്ടുണ്ട്.
അതിൽ വീഴ്ച വരുത്താനോ
വഴിവിട്ടുപോകാനോ ഞാൻ ശ്രമിച്ചിട്ടില്ല''.**

**അടിന്തിരാവസ്ഥയെ ന്യായീകരിച്ച കരുണാകരന്റെ
വാക്കുകൾ വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ട്,
ഭരണകൂട ഭീകരതയുടേയും പൗരാവകാശ
ധ്വംസനങ്ങളുടേയും കേരളത്തിലെ നടത്തിപ്പുകാരൻ
കരുണാകരൻ തന്നെയായിരുന്നു എന്ന് ഓർമ്മിപ്പിച്ചുകൊണ്ട്**

**പി.സി. ഉണ്ണിച്ചെക്കൻ**


# ആയിരം വളവുള്ള കാഞ്ഞിരമരം

1975 ജൂൺ 25ന് സ്ഥാപിച്ച ഇന്ദിരാഭരണം ജനിച്ചത് നുണയിലാണ്. നുണ കൊണ്ടാണ് വളർന്നത്. അതിന്റെ അടിസ്ഥാനഘടകംതന്നെ നുണയിലാണ്". ലോകപ്രശസ്ത പത്രപ്രവർത്തകനായ ബെർണ്ണാഡ് ലെവിന്റെ ഈ നിരീക്ഷണം അടിയന്തിരാവസ്ഥയിലെ ഇരുണ്ട നാളുകളെക്കുറിച്ച് സ്വയം സംസാരിക്കുന്ന ഒന്നാണ്. പൊരുതി നേടിയ സ്വാതന്ത്ര്യവും മൗലികാവകാശങ്ങളും തട്ടിപ്പറിച്ചപ്പോൾ അതിനെതിരെ പോരാടാനിറങ്ങിയവർ ഇന്നൊരു പ്രക്ഷോഭത്തിലാണ്. ഒന്നാം സ്വാതന്ത്ര്യസമരം വിദേശശക്തികൾക്കെതിരായിരുന്നുവെങ്കിൽ അടിയന്തിരാവസ്ഥയ്ക്കെതിരായ പോരാട്ടം സ്വന്തം ഭരണാധികാരികളോടായിരുന്നു. വിദേശാധിപത്യത്തിനെതിരായ പോരാട്ടത്തെക്കാൾ വിഷമമേറിയ ഒന്നാണ് സ്വന്തം രാജ്യത്തെ ഭരണാധികാരികളോടുള്ള ഏറ്റുമുട്ടൽ.

### സ്വതന്ത്രഇന്ത്യയിലെ കറുത്ത ദിനങ്ങൾ

1948നു ശേഷമുള്ള ഇരുണ്ടദിനങ്ങളായിരുന്നു അവ. കേന്ദ്രമന്ത്രിസഭയെ പോലും വിശ്വാസത്തിലെടുക്കാതെ ഇന്ത്യൻ ജനാധിപത്യത്തെ കശാപ്പ് ചെയ്യുകയായിരുന്നു ഇന്ദിരാഗാന്ധി. 1975 ജൂൺ 12ന് അലഹബാദ് ഹൈക്കോടതിയിലെ ജസ്റ്റിസ് ജഗ്മോഹൻലാൽ സിൻഹ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് റദ്ദാക്കുകയും ആറ് വർഷത്തേക്ക് മത്സരിക്കാൻ പാടില്ലെന്ന് അയോഗ്യത കൽപ്പിച്ചുകൊണ്ട് വിധി പ്രസ്താവിക്കുകയും ചെയ്തു. ജൂൺ 24ന് സോപാധിക സ്റ്റേ നേടിയെടുത്തശേഷം ബംഗാളിലെ അർദ്ധ ഫാസിസ്റ്റ് വാഴ്ചയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ടിരുന്ന സിദ്ധാർത്ഥ ശങ്കർ റേയെ വിളിച്ചുവരുത്തി അടിയന്തിരാവസ്ഥാ പ്രഖ്യാപനം ചെയ്ത് പ്ര

PDF-XChange Viewer Click to buy NOW! www.docu-track.com



സിഡന്റിനെകൊണ്ട് ഒപ്പിടീക്കുകയായിരുന്നു. ജൂൺ 26ന് 6.30ന് കേന്ദ്രമന്ത്രിസഭ വിളിച്ച് അഞ്ച് മിനിറ്റിനുള്ളിൽ ഈ തീരുമാനത്തിന് അംഗീകാരം നേടിയെടുക്കുകയാണുണ്ടായത്. പി.ടി.ഐ. പുറത്തിറക്കിയ വാർത്താകുറിപ്പ് തന്നെ ഇതിന്റെ തെളിവാണ്. "കേന്ദ്രമന്ത്രിസഭ സ്ഥിതിഗതികൾ പരിഗണിക്കുകയും അടിയന്തരാവസ്ഥ പ്രഖ്യാപിക്കണമെന്ന് പ്രസിഡൻറിനോട് ചെയ്ത ശുപാർശ അംഗീകരിക്കുകയും ചെയ്തു". ഇതായിരുന്നു പത്രക്കുറിപ്പ്. കോൺഗ്രസ്സിനുള്ളിൽ നിന്നുതന്നെ ഇന്ദിരാഗാന്ധിക്കെതിരെ ശക്തമായ വിമർശനങ്ങൾ ഉയർന്ന കാലമായിരുന്നു അത്. പാർലമെന്ററി പാർട്ടിയിൽപോലും ഇന്ദിരാഗാന്ധിക്ക് ഭൂരിപക്ഷം ഇല്ലായിരുന്നു. അവരെ എതിർത്ത രാംധന് 156 വോട്ടും, അനുകൂലിച്ച കെ.പി. ഉണ്ണികൃഷ്ണന് 46 വോട്ടുമാണ് ലഭിച്ചത്. ഗരീബി ഹഠാവോ, ഭിക്കാരി ഹഠാവോ തുടങ്ങിയ ജനപ്രിയ മുദ്രാവാക്യങ്ങൾക്കു ജനങ്ങളുടെ ജീവിതത്തിൽ കാര്യമായ ഫലമൊന്നും ഉണ്ടാകാതിരിക്കുകയും, ദരിദ്രരുടെ എണ്ണം പെരുകുകയും, വിലവർധന രൂക്ഷമാവുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. "റേപ്പ് ഓഫ് കറൻസി" എന്നു വി.കെ. കൃഷ്ണമേനോൻ വിശേഷിപ്പിച്ച, രൂപയുടെ അവമൂലനത്തിന് തീരുമാനമെടുത്തതും പഞ്ചവത്സര പദ്ധതികൾക്ക് മൂന്നു വർഷത്തോളം അവധി പ്രഖ്യാപിച്ചതും ഇന്ദിരാഭരണം നേരിട്ട പ്രതിസന്ധിയുടെ പ്രതിഫലനങ്ങളായിരുന്നു. 1967ലെ നക്സൽബാരി കാർഷിക പ്രക്ഷോഭവും, 1969ലെ സി.പി.ഐ(എം.എൽ)ന്റെ രൂപീകരണവും തുടർന്ന് അലയടിച്ചുയർന്ന വിപ്ലവശ്രമങ്ങളും അഴിമതിക്കെതിരെ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ഗുജറാത്തിലെയും ബീഹാറിലേയും വിദ്യാർത്ഥികൾ നടത്തിയ പ്രക്ഷോഭങ്ങളും 1974ലെ ചരിത്രപ്രസിദ്ധമായ റെയിൽവെ സമരവും കോൺഗ്രസ് ഭരണത്തിന്റെ അടിത്തറ പിടിച്ചുലച്ചു. നാഗർവാല സംഭവവും, ആ കേസന്വേഷിച്ച കാശ്യപ് എന്ന പോലീസുദ്യോഗസ്ഥന്റെ ദുരൂഹമരണവും ലൈസൻസ് കുംഭകോണവും മാരുതി അഴിമതിയും, എൽ.എൻ.മിശ്രയുടെ ദാരുണമരണവും കോളിളക്കം സൃഷ്ടിച്ച സാഹചര്യത്തിലാണ് അലഹബാദ് വിധി വരുന്നതും, തുടർന്ന് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതും.

**കരുണാകരനെ കോൺഗ്രസ്സുകാർ ലീഡറെന്നും ഭീഷ്മാചാര്യർ എന്നും വിശേഷിപ്പിക്കുമ്പോൾ അടിയന്തിരാവസ്ഥയിലെ കൊടിയ പാതകങ്ങളുടെ പേരിലായിരിക്കും അദ്ദേഹത്തെ കേരളം ഓർക്കുക. അടിയന്തരാവസ്ഥയ്ക്കുശേഷവും കീഴ്മാടും തങ്കമണിയും ഈച്ചരവാര്യരുടെ മരണത്തിനുശേഷം 'ഏത് ഈച്ചരവാര്യർ?' എന്ന അദ്ദേഹത്തിന്റെ ധാർഷ്ട്യം കലർന്ന ചോദ്യവും മലയാളി മറക്കാൻ വഴിയില്ല**



## അടിയന്തിരാവസ്ഥയും മലയാളിയും

"നല്ലുണ്ണിത്തമ്പുരാൻ നാലുരുൾ ത്തേരേറി
നാടു പിടിച്ചടക്കിയ കഥ കുഞ്ഞിരാമൻ പറയുമ്പോൾ
അങ്ങു താൻ അങ്ങുതാൻ സമസ്തവും"-കേരളത്തിലെ ആഭ്യന്തര മന്ത്രി കെ. കരുണാകരന്റെ നേതൃത്വത്തിൽ അടിച്ചേൽപ്പിച്ച പോലീസ് രാജിലും അത് സൃഷ്ടിച്ച ശ്മശാന ശാന്തതയിലും അഭിരമിച്ച മലയാളി ചുറ്റും നടന്നതൊന്നുമറിയാതെ ജീവിതം തള്ളിനീക്കി. അറിഞ്ഞവരെയാകട്ടെ ഭയം ഗ്രസിക്കുകയും നിശബ്ദരാക്കുകയും ചെയ്തു. ബ്രെഹ്തിന്റെ 'ഭയം' എന്ന കവിത നാസി ജർമ്മനിയെക്കുറിച്ചുള്ളതാണ്. ഹിറ്റ്ലറുടെ ജർമ്മനിയിലെത്തിയ ഒരു സഞ്ചാരി ഒരാളോട് ഇവിടെ ഭരിക്കുന്നതാര് എന്നു ചോദിക്കുന്നു. അദ്ദേഹം പറഞ്ഞ ഇത്തരം ഭയം എന്നായിരുന്നു. ആഭ്യന്തരമന്ത്രി കരുണാകരനും അദ്ദേഹത്തിന്റെ നരാധമന്മാരായ പോലീസ് മേധാവികളും ഇന്ദിരാ സ്വേച്ഛാധിപത്യത്തെ എതിർക്കുന്ന മുഴുവൻ ശക്തികളേയും കോൺസൻട്രേഷൻ ക്യാമ്പുകളിൽ പീഢിപ്പിക്കുകയായിരുന്നു എന്ന യഥാർത്ഥ്യം വായ്മൂടിക്കെട്ടിയ പത്രത്താളുകളിൽനിന്ന് മലയാളിയെ തേടിയെത്തിയിരുന്നുമില്ല.

സി.പി.ഐ (എം.എൽ)ന്റെ നേതൃത്വത്തിൽ നടന്ന കായണ്ണ പോലീസ് സ്റ്റേഷനാക്രമണവും കുമ്പളം സംഭവവും പരാജയപ്പെട്ട

മതിലകം സ്റ്റേഷനാക്രമണവും ഇന്ദിരാ ഫാസിസത്തെ വെല്ലുവിളിക്കാൻ നടത്തിയ ധീരോദാത്തമായ ശ്രമങ്ങളായിരുന്നു. ആർ.എസ്.എസ്., ജനസംഘം, സോഷ്യലിസ്റ്റുകൾ, സംഘടനാ കോൺഗ്രസുകാർ, എം.എ. ജോണിന്റെ നേതൃത്വത്തിലുണ്ടായിരുന്നു പരിവർത്തനവാദികൾ. സി.പി.എം. പ്രവർത്തകർ തുടങ്ങിയ ഒട്ടേറെപ്പേർ മിസയിലും, ഡി.ഐ.ആറിലുമായി ജയിലിൽ എത്തിയിരുന്നു. പക്ഷേ ഇവർ നടത്തിയ ചില സത്യാഗ്രഹങ്ങളും പ്രകടനവും മുദ്രാവാക്യം വിളികളും പൊതുസമൂഹത്തെ ഉണർത്താൻ പര്യാപ്തമായ ഒന്നായിരുന്നില്ല. അധികാരത്തിൽ പാപം സത്യത്തെ വികൃതമാക്കുക മാത്രമല്ല, കാപട്യം സത്യമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യും. സത്യമായും സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലും ശത്രുക്കൾ സൃഷ്ടിക്കുന്ന കടങ്കഥകളാണെന്ന് ജനങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു". ആർതർ മില്ലറുടെ ഈ നിരീക്ഷണം ശരിവെയ്ക്കുന്ന സംഭവവികാസങ്ങളാണ് രാജ്യമെമ്പാടും അരങ്ങേറിയത്. രാജാവ് നഗ്നനാണെന്ന് വിളിച്ചുപറയാൻ ധൈര്യപ്പെട്ടവനൊക്കെ കൊടിയപീഢനങ്ങൾക്കിരയായി തടവറകളിലടയ്ക്കപ്പെട്ടു.

"മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുക എന്നത് സ്വാതന്ത്ര്യം അനുഭവിക്കുന്നവരുടെ ലക്ഷണമാണ്. അങ്ങനെ ചെയ്യാതിരിക്കുന്നവരാകട്ടെ അടിമപ്പെടാൻ സന്നദ്ധരായവരുടെ ലക്ഷണവുമാണ്". അലൻപാറ്റൻ സൂചിപ്പിച്ചതുപോലെ അടിമപ്പെടാൻ സന്നദ്ധമായ മനസ്സുമായി ഭൂരിപക്ഷം മലയാളികളും ഉണ്ടുറങ്ങി കാലം തള്ളിനീക്കിയപ്പോൾ പീഢനപർവ്വം തെരഞ്ഞെടുത്ത ഒരു കൂട്ടം മലയാളികൾ ബോധേശ്വരൻ ചോദിച്ചതുപോലെ 'സഹിക്കുകയോ ദാസ്യം, മരണമല്ലോ നല്ലൂ' എന്നു ചിന്തിച്ച് പോർക്കളത്തിലിറങ്ങി.

## അടിയന്തരാവസ്ഥയും കരുണാകരനും

'ആയിരം വളവുള്ള കാഞ്ഞിരമരം' എന്നൊരു പ്രയോഗം മഹാകവി കുഞ്ഞിരാമൻ നായരുടേതായുണ്ട്. ആ വിശേഷണത്തിന് സർവ്വഥാ യോഗ്യനായ നേതാവായിരുന്നു കെ. കരുണാകരൻ. വായ തുറക്കുന്നത് ഭക്ഷണം കഴിക്കാനും നുണ പറയാനും മാത്രമാണെന്ന് ഇടതുപക്ഷം ഇദ്ദേഹത്തിനെതിരെ ഉന്നയിച്ച വിമർശനം ആ കാഞ്ഞിരമരത്തിന്റെ കയ്പുനീർ ഏറെ അനുഭവപ്പെട്ടതുകൊണ്ടാണ്. ചിത്രകല പഠിക്കാനായി തൃശൂരിലെത്തിയ കെ. കരുണാകരൻ സീതാറാം മില്ലിലെ തൊഴിലാളിസമരത്തിനിടയിൽ കരിങ്കാലിപ്പണിയിലൂടെ ഐ.എൻ.ടി.യു.സി. യൂണിയൻ രൂപീകരിച്ചു. ആ ഇരട്ടപ്പേരിലാണ് അദ്ദേഹം പിന്നീട് ഏറെക്കുറെ വിശേഷിപ്പിക്കപ്പെട്ടത്. തട്ടിൽ എസ്റ്റേറ്റ് സൂപ്രണ്ടിന്റെ വധം, നവാബ് രാജേന്ദ്രന്റെ അറസ്റ്റും പീഢിപ്പിക്കലും 67ലെ മാളയിലെ തെരഞ്ഞെടുപ്പ്, ഒമ്പത് അംഗങ്ങളുടെ പ്രതിപക്ഷ നേതൃസ്ഥാനം. തുടർന്ന് ആഭ്യന്തര മന്ത്രി, മുഖ്യമന്ത്രി, എം.പി, കേന്ദ്ര വ്യവസായമന്ത്രി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ച കരുണാകരനെ കോൺഗ്രസ്സുകാർ ലീഡറെന്നും ഭീഷ്മാചാര്യർ എന്നും വിശേഷിപ്പിക്കുമ്പോൾ അടിയന്തരാവസ്ഥയിലെ കൊടിയ പാതകങ്ങളുടെ പേരിലായിരിക്കും അദ്ദേഹത്തെ കേരളം ഓർക്കുക. അടിയന്തിരാവസ്ഥയ്ക്കു ശേഷവും കീഴ്മാടും തങ്കമണിയും ഈച്ചരവാര്യരുടെ മരണത്തിനു ശേഷം 'ഏത് ഈച്ചരവാര്യർ?' എന്ന അദ്ദേഹത്തിന്റെ ധാർഷ്ട്യം കലർന്ന ചോദ്യവും മലയാളി മറക്കാൻ വഴിയില്ല. സഭയിൽ കള്ളം പറഞ്ഞതിനു മുഖ്യമന്ത്രിസ്ഥാനം വിട്ടൊഴിയേണ്ടിവന്ന ഖ്യാതിയും അദ്ദേഹത്തെ വിട്ടുപോകാനിടയില്ല.

"അടിയന്തരാവസ്ഥയും കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച ഓരോ പരിപാടിയും നയവും അതിന്റെ സ്പിരിട്ടിൽ ഞാൻ നടപ്പാക്കിയിട്ടുണ്ട്. അതിൽ വീഴ്ച വരുത്താനോ വഴി വിട്ടുപോകാനോ ഞാൻ ശ്രമിച്ചിട്ടില്ല". കരുണാകരന്റേതാണ് ഈ പ്രസ്താവന. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി തന്നെയായിരുന്നു അദ്ദേഹം. 'അടിയന്തരാവസ്ഥ ജനനന്മയ്ക്ക്' എന്ന മുദ്രാവാക്യത്തിനു പിന്നിൽ അടങ്ങിയിരുന്ന ഭരണകൂട ഭീകരതയുടേയും പൗരാവകാശ ധ്വംസനങ്ങളുടേയും കേരളത്തിലെ നടത്തിപ്പുകാരനായിരുന്നു അദ്ദേഹം.

## രാജൻ കേസും കരുണാകരനും

"ശോകമൂകമായ കഥയുടെ അവസാനത്തിൽ നാമെത്തുകയാണ്. നോവലുകളിലും ചലച്ചിത്രങ്ങളിലും ദണ്ഡനമുറകളും ഭീകരാലയങ്ങളും നാം കാണാറുണ്ട്. മനുഷ്യജീവിതവുമായി അവയ്ക്ക് യാതൊരു ബന്ധവുമില്ലെന്നാണ് നാം കരുതിപ്പോന്നത്. എന്നാൽ ഞങ്ങളുടെ മുന്നിലവതരിപ്പിച്ച ഈ കണ്ണീർ കഥയുടെ അവസാന അധ്യായം സീനിയർ പോലീസുദ്യോഗസ്ഥർ സംഘടിപ്പിച്ച പോലീസ് ക്യാമ്പിൽ നടന്ന ക്രൂരവും പൈശാചികവുമായ മർദ്ദനങ്ങളെപ്പറ്റിയാണ് പറയുന്നത്". (ഈച്ചരവാര്യർ കൊടുത്ത ഹേബിയസ് കോർപ്പസ് കേസിൽ ജസ്റ്റിസ് പോറ്റിയും ജസ്റ്റിസ് ഖാലിദും എഴുതിയ വിധിന്യായത്തിൽനിന്ന്).

ഈ ഹേബിയസ് കോർപ്പസ് കേസിൽ 1977 ഏപ്രിൽ 21ന് രാജനെ കോടതിയിൽ ഹാജരാക്കാൻ കോടതി നിർദ്ദേശിച്ചു. ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ ഏപ്രിൽ 19ന് വിവരമറിയിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഈ കേസിൽ കള്ളം പറഞ്ഞതിനാണ് ഹൈക്കോടതി അദ്ദേഹത്തിനെതിരെ കേസ് ചാർജ്ജ് ചെയ്തത്. ഹൈക്കോടതി വിധിക്കെതിരെ അദ്ദേഹം സമർപ്പിച്ച കേസ് സുപ്രീംകോടതിയിൽ വാദം കേട്ടത് ജസ്റ്റിസ് ഗോസ്വാമിയും തുൾസാവുക്കറും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ്. "ജനങ്ങളാകെ ഇളകിക്കഴിഞ്ഞ ഒരു സംഭവത്തെപ്പറ്റി തനിക്ക് യാതൊന്നുമറിയില്ലെന്ന് ഔദ്യോഗികമായി എല്ലാ വിവരങ്ങളും വെച്ചുകൊണ്ട് തനിക്കുമാത്രം അറിയാവുന്ന കാരണങ്ങളാൽ ഒരു മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കെ മറുകാര്യം പൊതുജനതാൽപര്യം മുൻനിർത്തി വിചാരണയെ നേരിടേണ്ടതാണ്". ഈ വിധിയോടെ ഒരു മാസം മാത്രം മുഖ്യമന്ത്രിക്കസേരയിലി

രുന്ന്, വിട്ടിറങ്ങേണ്ടിവന്നു.

എം. സുകുമാരന്റെ "ജലജീവികളുടെ രോദനം" എന്നൊരു കഥയിൽ ജയകൃഷ്ണൻ എന്നൊരു പോലീസ് ഓഫീസറുണ്ട്. ജയറാം പടിക്കലിനെ അനുസ്മരിപ്പിക്കുന്ന കഥാപാത്രം. ഈ പോലീസ് മേധാവി വിപ്ലവകാരികളെ കൊടിയ പീഢനങ്ങൾക്കിരയാക്കി. ചിലരെ കൊല്ലുകയും ചെയ്തു. എങ്കിലും വലിയൊരു ആത്മസംഘർഷം അദ്ദേഹം അനുഭവിക്കുന്നു. കൊല്ലാൻ കഴിയുന്നു, പക്ഷേ തോൽപ്പിക്കാൻ കഴിയുന്നില്ല എന്നതാണയാളുടെ ദു:ഖം. ഇത്തരം പോലീസ് മേധാവികൾ അഴിഞ്ഞാടിയത് കരുണാകരന്റെ തണലിലായിരുന്നു. നക്സലൈറ്റുകളെ ഉന്മൂലനം ചെയ്തു എന്നതാണ് കരുണാകരന് കേരളത്തിലെ വലതുപക്ഷം കൽപ്പിച്ചു കൊടുക്കുന്ന ഭരണമികവിന്റെ സർട്ടിഫിക്കറ്റ്. പക്ഷെ തോൽപ്പിക്കാൻ കഴിയാത്ത മനസ്സുകളുമായി, ജയറാം പടിക്കൽമാർക്കും കരുണാകരനും പേടിസ്വപ്നമായി ഫീനിക്സ് പക്ഷികളെപ്പോലെ അവർ ഇന്നും നിലനിൽക്കുന്നു എന്നതാണ് വസ്തുത. സ: പി. രാജനും, സ: വർക്കലവിജയനും തോരാത്ത കണ്ണീരുമായി മകനെ കാത്തിരുന്നൊരു അമ്മയും എന്നും വാതിൽപ്പടി തുറന്നിട്ട് മകന്റെ കാലൊച്ചയ്ക്കായി കാത്തിരിക്കുന്ന ഒരച്ഛനും ഇന്നും മലയാളികളുടെ നൊമ്പരമാണ്. അവരുടെ ഭൗതിക ശരീരം എന്തുചെയ്തു എന്ന് പറയാനുള്ള ധാർമ്മിക ബാധ്യത പോലും നിർവ്വഹിക്കാത്തൊരു ഭരണാധികാരിയാണദ്ദേഹം. ചില രഹസ്യങ്ങൾ ചിതയോടൊപ്പം പോകേണ്ടതാണെന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ എഴുതിവെച്ചിട്ടുണ്ട്. രാജന്റേയും വർക്കല വിജയന്റേയും ഭൗതികശരീരം എന്തുചെയ്തുവെന്നും ഇവരുടെ കൊലയാളികൾ ആരാണെന്നും അറിയേണ്ടതുണ്ട്. അതിനായി ഏത് ചിത ചികയേണ്ടി വന്നാലും അധികപ്പറ്റാവുകയില്ല. അടിയന്തരാവസ്ഥയിൽ രക്തസാക്ഷികളായവരും സ്വയമെരിഞ്ഞ് വെളിച്ചമായവരുമാണ് നമുക്ക് ജനാധ്യപത്യം തിരിച്ചുതന്നത്.




## അടിയന്തരാവസ്ഥയും 77ലെ തിരഞ്ഞെടുപ്പും

1977ലെ തെരഞ്ഞെടുപ്പിൽ ഉത്തരേന്ത്യ കോൺഗ്രസ്സിനെ നിലംപരിശാക്കി. ഇന്ദിരാഗാന്ധിയും സഞ്ജയ്ഗാന്ധിയുമടക്കം പ്രമുഖരെല്ലാം തോറ്റമ്പി. പക്ഷെ കേരളത്തിൽ കോൺഗ്രസ് ഉജ്ജ്വല തിരിച്ചുവരവ് നടത്തുകയാണുണ്ടായത്. 20ൽ 20 പാർലമെന്റ് സീറ്റും 111 അസംബ്ലി സീറ്റും അവർ നേടി. അതേവരെയുള്ള ഏറ്റവും വലിയ റെക്കോർഡാണിത്. ഇതുവരെ തിരുത്തിയിട്ടുമില്ല. കേരളത്തെ ചില രാഷ്ട്രീയ നിരീക്ഷകർ ഇന്ത്യയുടെ ബാരോമീറ്റർ എന്ന് വിശേഷിപ്പിക്കാറുണ്ട്. 77ലെ തെരഞ്ഞെടുപ്പിൽ ഈ ബാരോമീറ്ററിൽ കേരളത്തിന്റെ ഗ്രാഫ് കുത്തനെ താണു. മലയാളിക്ക് എക്കാലത്തും നാണക്കേടുണ്ടാക്കിയ സംഭവമായിരുന്നു അത്. എന്തുകൊണ്ട് ഇങ്ങനെ എന്ന ചോദ്യം പല കോണുകളിലും ഉയർന്നു. അടിയന്തരാവസ്ഥാ കാലഘട്ടത്തിൽ കോൺഗ്രസ്സിന്റെ സ്വേച്ഛാധിപത്യമുഖം ജനങ്ങൾക്കു മുന്നിൽ അനാവരണം ചെയ്യാൻ പ്രതിപക്ഷപാർട്ടിയായ സി.പി.എം പരാജയപ്പെട്ടതാണ് പ്രധാന കാരണം. അടിയന്തരാവസ്ഥക്കെതിരെ ശക്തമായ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കുന്നതിൽ പരാജയപ്പെട്ടതിൽ മനം നൊന്താണ് ജനറൽ സെക്രട്ടറി സ്ഥാനം സുന്ദരയ്യ രാജിവെച്ചത്. പ്രതിപക്ഷ നേതാക്കളെ കൂട്ടത്തോടെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിനു മുമ്പിൽ പ്രകടനം നടത്താനെത്തിയവരുടെ എണ്ണം ശുഷ്ക്കമായിരുന്നു. ചില പിക്കറ്റിങ്ങുകളും പ്രതിഷേധ പ്രകടനങ്ങളുമൊഴിച്ചാൽ ശക്തമായ ബഹുജന പ്രതിഷേധമൊന്നും കേരളത്തിൽ ഉയർന്നില്ല. കോൺഗ്രസിന്റെ കുപ്രചരണങ്ങളെ മറികടക്കാൻ കഴിയാത്തതിനാൽ കോൺഗ്രസ്സിന്റെ മാരീചവേഷത്തിൽ ഭ്രമിച്ച മലയാളി അവരെത്തന്നെ വീണ്ടും അധികാരമേൽപ്പിച്ചു. അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷം "ഈശ്വരഭക്താ കരുണാകരാ, ഈച്ചരവാര്യരുടെ മകനെവിടെ?" എന്ന ചോദ്യം മലയാളികളുടെ കർണ്ണപുടങ്ങളിൽ വന്നലച്ചു. കക്കയം ക്യാമ്പ് കഥ പറയുന്നു എന്ന ലഘുലേഖയും, ശവംതീനികൾ എന്ന നാടകവും മലയാളി മനസ്സുകളെ പിടിച്ചുലച്ചു. കേരളത്തിന്റെ ഓരോ മുക്കും മൂലയും തെരുവോരങ്ങളും കരുണാകരവാഴ്ചയുടെ ഭീകരതയറിഞ്ഞ് ഞെട്ടിത്തരിച്ചു. മുന്നണിബന്ധങ്ങളുടെ രസതന്ത്രം മാറ്റുന്ന വിധത്തിൽ അത് പ്രതിപ്രവർത്തിച്ചു. കോൺഗ്രസ് പോലും കേരളത്തിൽ പിളർന്നു. സി.പി.ഐ.യും, ആർ.എസ്.പിയും കോൺഗ്രസ് ബാന്ധവം ഉപേക്ഷി

ച്ച് സി.പി.എം. മുന്നണിയിൽ ചേർന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപംകൊള്ളുന്നതിന്റെ പശ്ചാത്തലമിതാണ്. ഈ മുന്നണി 80ലെ തെരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ വിജയം കൊയ്തെടുക്കുകയും ചെയ്തു. 1969ൽ അധികാരം നഷ്ടപ്പെട്ടതിനുശേഷം 11 വർഷം പ്രതിപക്ഷത്തിരുന്ന സി.പി.എമ്മിന് 80ൽ അധികാരത്തിൽ തിരിച്ചെത്താൻ കഴിഞ്ഞത് രാജന്റേയും വിജയന്റേയും രക്തസാക്ഷിത്വവും അടിയന്തരാവസ്ഥവിരുദ്ധ പോരാട്ടവുമാണ്. ഇന്നത്തെ ഇടതുപക്ഷജനാധിപത്യമുന്നണി തന്നെ അടിയന്തിരാവസ്ഥവിരുദ്ധ പോരാട്ടത്തിന്റെ ഒരു ഉപോല്പന്നമാണ്. അടിയന്തരാവസ്ഥ തടവുകാരെ രാഷ്ട്രീയ തടവുകാരായി അംഗീകരിക്കണമെന്ന ആവശ്യത്തിനു നേരെ മുഖംതിരിച്ചിരിക്കുന്ന ഇടതുമുന്നണി സർക്കാർ ഈ ചരിത്രയാഥാർത്ഥ്യത്തെയാണ് നിരാകരിക്കാൻ ശ്രമിക്കുന്നത്.


ബിനായക്സെൻമാരെ കള്ളക്കേസിൽ കുടുക്കി ജയിലിലടക്കുന്നവർ, ഷാഹിനമാർക്കെതിരെ കള്ളക്കേസ്സെടുക്കുന്നവർ, ഇറോം ശർമ്മിളമാരെ പത്തു വർഷമായി നിരാഹാരത്തിലേയ്ക്ക് തള്ളിവിടുന്നവർ, പാതയോരത്തെ പൊതുസമ്മേളനം നിരോധിക്കുന്ന കോടതികൾ, വർത്തമാന യാഥാർത്ഥ്യങ്ങളായി ജനാധിപത്യസമൂഹത്തിനു നേരെ ഇന്ന് തുറിച്ച് നോക്കുമ്പോൾ അടിയന്തരാവസ്ഥവിരുദ്ധ പോരാളികളെ രാഷ്ട്രീയമായി അംഗീകരിക്കുന്നത് സ്വേച്ഛാധിപത്യങ്ങൾക്കെതിരായ പോരാട്ടങ്ങൾക്ക് ഊർജ്ജം നൽകലായിരിക്കും. രാജന്റേയും വർക്കല വിജയന്റേയും

## ഞങ്ങളുണ്ട് താങ്കൾക്കൊപ്പം

# ഭരണകൂട ഭീകരതയുടെ രണ്ട് ഇരകൾ

## രാജ്യദ്രോഹ കുറ്റംചുമത്തി ശിക്ഷിക്കപ്പെട്ടു

എം.കെ. ഗാന്ധി



ബിനായക് സെൻ



1922 2010

**ബിനായക് സെന്നിനെ മോചിപ്പിക്കുക**

ഭൗതികശരീരങ്ങൾ എന്തു ചെയ്തുവെന്നും അവരുടെ കൊലയാളികൾ ആരാണെന്നും അറിയാനുള്ള നിയമപോരാട്ടങ്ങൾ നടക്കുകയാണ്. ഈ പ്രക്ഷോഭങ്ങളോടൊപ്പം അണിചേരേണ്ടത് ജനാധിപത്യസമൂഹത്തിന്റെ കടമയും ഉത്തരവാദിത്തവുമാണ്.